## പതിമൂന്നാം കേരള നിയമസഭ
### ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1830 | 11.02.2013 ൽ മറുപടിയ്ക്ക് |
|---|---|
| **നിർഭയ പദ്ധതി** | |
| **ചോദ്യം** | **ഉത്തരം** |
| ശ്രീ. ചിറ്റയം ഗോപകുമാർ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) |
| (എ) സ്ത്രീകളുടേയും കുട്ടികളുടേയും സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതിന് വേണ്ടി നിർഭയ എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ആയതിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം നാളിതുവരെ പ്രസിദ്ധീകരിച്ച ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പ് സഹിതം അറിയിക്കുമോ ? | (ബി) സർക്കാർ ഉത്തരവ് നം. (എം.എസ്) 17/2012/സാക്ഷേവ തീയതി 13/03/2012 മുഖേന സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനുള്ള നയപരിപാടിയുടെ രൂപരേഖ കേരള സർക്കാർ അംഗീകരിക്കുകയുണ്ടായി. സാമൂഹ്യനീതി വകുപ്പ്, ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, പട്ടികജാതി പട്ടിക വർഗ്ഗ വകുപ്പ്, ആഭ്യന്തര വകുപ്പ്, നിയമ വകുപ്പ് എന്നീ വകുപ്പുകളുടെ സഹകരണത്തോടെയും, സോഷ്യൽവെൽഫെയർ ബോർഡ്, വനിതാ കമ്മീഷൻ, കുടുംബശ്രീ മിഷൻ എന്നിവരിലൂടെയും ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിലേയ്ക്ക് സംസ്ഥാനതല ഏകോപന സമിതി, എക്സിക്യൂട്ടീവ് കമ്മിറ്റി, ജില്ലാതല നിർഭയ കമ്മിറ്റി, ഗ്രാമീണ/നഗരതല ജാഗ്രതാസമിതി എന്നീ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.<br>സാമൂഹ്യനീതി വകുപ്പിന്റെ പൂജപ്പുര സാമൂഹ്യ നീതി സ്ഥാപന സമുച്ചയത്തിൽ ഒരു നിർഭയ ഷെൽറ്റർ ഹോം ആരംഭിച്ചിട്ടുണ്ട്. ഈ ഷെൽറ്റർ |

| | |
|---|---|
| | ഹോമിന്റെ പ്രവർത്തന ചുമതല കേരള മഹിളാ സമഖ്യ സൊസൈറ്റിയെ ഏൽപ്പിച്ചിരിക്കുകയാണ്. ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**